**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീമതി. അസുമാബീവി, ശ്രീമതി.സുഹറാബീവി എന്നിവർ ചേർന്ന് ഫയൽ ചെയ്തിരുന്ന ഒ.എ(ഇ.കെ.എം) നം.987/2018- ലെ കോടതി വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ) നം.**9721/2018**/ധന. തിരുവനന്തപുരം, തീയതി.**24/11/2018**.

---

പരാമർശം:- (1) 11/12/13 – ൽ ധനവകുപ്പിൽ ലഭിച്ച ശ്രീമതി.സുഹറാബീവിയുടെ അപേക്ഷ.

(2) ഹരിപ്പാട് മുനിസിഫ് കോടതിയുടെ OS No.326/10 എന്ന കേസിലെ ഉത്തരവ്.

(3) 23/12/2014 – ലെ കത്ത് നം.111022/പെൻഷൻ A2/14/ധന.

(4) 26/09/2018-ലെ ഒ.എ(ഇ.കെ.എം) നം.987/2018-ലെ കോടതി വിധി.

(5) 24/10/18 – ൽ ശ്രീമതി. അസുമാബീവി,ശ്രീമതി.സുഹറാബീവി എന്നിവർ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ നേഴ്സിംഗ് അസിസ്റ്റന്റായിരിക്കെ മരണപ്പെട്ട ശ്രീ.നൈനാർ റാവുത്തറുടെ ഭാര്യമാരിലൊരാളായ ശ്രീമതി.സുഹറാബീവി പരാമർശം (1) പ്രകാരം ശ്രീ.നൈനാർ റാവുത്തറുടെ കുടുംബ പെൻഷൻ ആവശ്യപ്പെട്ടിരുന്നു. പരാമർശം(2) - ലെ ഉത്തരവ് പ്രകാരം ശ്രീ.നൈനാർ റാവുത്തറുടെ കുടുംബ പെൻഷൻ രണ്ട് ഭാര്യമാർക്കും തുല്യമായി വീതിച്ചു നൽകുവാൻ ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ കെ.എസ്.ആറിൽ **shared family pension scheme** നീക്കം ചെയ്തതിനാൽ ടി ആളുകളുടെ ആവശ്യം അംഗീകരിക്കാനാവില്ലെങ്കിലും കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം ശ്രീമതി. അസുമാബീവി, ശ്രീമതി.സുഹറാബീവി എന്നിവർക്ക് കുടുംബ പെൻഷൻ തുല്യമായി വീതിച്ചു നൽകുവാൻ അനുമതി നൽകുകയും പ്രസ്തുത വിവരം അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ.നൈനാർ റാവുത്തർ മരിച്ച തീയതിയായ 28/05/2005 മുതൽ 29/11/2012 വരെയുള്ള കുടുംബ പെൻഷൻ കുടിശ്ശിക നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി.സുഹറാബീവിയും ശ്രീമതി. അസുമാബീവിയും ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്യുകയും പരാമർശം(4) – ലെ കോടതി ഉത്തരവ് പ്രകാരം കുടിശ്ശിക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകരുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിന്മേൽ നടപടി സ്വീകരിക്കണമെന്ന് കോടതി ഉത്തരവാകുകയും ചെയ്തിരുന്നു.

സൂചന (5)പ്രകാരം ലഭ്യമായ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു .കെ.എസ്.ആർ III ചട്ടം 136 പ്രകാരം അനുവദിക്കപ്പെട്ട കുടുംബ പെൻഷന്റെ ലൈഫ് ടൈം അരിയർ മാത്രമേ അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. 2005 – ൽ മരണപ്പെട്ട നൈനാർ റാവുത്തറുടെ കുടുംബ പെൻഷൻ 2012 വരെ അനുവദിച്ചിട്ടില്ലാത്തതിനാൽ ലൈഫ് ടൈം അരിയറായി കുടുംബ പെൻഷൻ അനുവദിക്കാൻ നിർവ്വാഹമില്ല. കൂടാതെ മരണപ്പെട്ട നൈനാർ റാവുത്തറുടെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് ഭരണപരമായ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. ഭാര്യമാർ തമ്മിലുള്ള തർക്കമാണ് കുടുംബ പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം. ചട്ടങ്ങളിൽ വ്യവസ്ഥയില്ലെങ്കിലും കോടതി ഉത്തരവ് പാലിക്കുന്നതിനാലാണ് കുടുംബ പെൻഷൻ വീതിച്ചു

നൽകുവാൻ അനുമതി നൽകിയത്. നിലവിലുള്ള ചട്ടപ്രകാരം പങ്കാളിയുടെ പേര് പെൻഷൻ ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പക്ഷം അപേക്ഷ പോലും സമർപ്പിക്കാതെ മരണപ്പെട്ട വ്യക്തിയുടെ ജീവിതപങ്കാളിയ്ക്ക് മരണപ്പെട്ടതിന്റെ അടുത്ത മാസം/തീയതി മുതൽ കുടുംബ പെൻഷൻ ലഭിക്കുന്നതാണ്. ഈ കേസിൽ ഭാര്യമാർ തമ്മിൽ തർക്കം ഉണ്ടാകുകയും ഹരിപ്പാട് മുൻസിഫ് കോടതിയിൽ OS No.526/10 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിന്റെ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം കുടുംബ പെൻഷൻ വീതിച്ചു അനുവദിക്കാൻ സമ്മതിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ചട്ടങ്ങളിൽ ഇളവ് നൽകി കുടുംബ പെൻഷൻ വീതിച്ചു നൽകാൻ അനുമതി നൽകിയത്. ഇക്കാര്യത്തിൽ ഭരണപരമായ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ലാത്തതിനാൽ കുടുംബ പെൻഷൻ കുടിശ്ശിക ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീമതി. അസുമാബീവി, ശ്രീമതി.സുഹറാബീവി എന്നിവരുടെ അപേക്ഷകൾ നിരസിച്ചു കൊണ്ടും കോടതി വിധി നടപ്പാക്കിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :

1) അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം.
2) അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3) അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള,തിരുവനന്തപുരം.
4) സബ് ട്രഷറി, ഓഫീസർ,ഹരിപ്പാട്,ആലപ്പുഴ.
5) ഡയറക്ടർ ഓഫ് ട്രഷറീസ്,തിരുവനന്തപുരം.
6) സുഹറ ബീവി, മുകളുവിളയിൽ,ചുനക്കര തെക്ക്,ചാരുംമൂട്.പി.ഒ,ആലപ്പുഴ.
7) അസുമ ബീവി,മുണ്ടൊളി വടക്കേതിൽ,ചിൻഗോലി മുറി, ചിൻഗോലി.പി.ഒ,ആലപ്പുഴ.
8) നോഡൽ ഓഫീസർ, www.finance.kerala.gov.in.
9) സ്റ്റോക്ക് ഫയൽ,ഓഫീസ് കോപ്പി.(E.1024654)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**